Dated : 18/10/2021

## യുവാക്കളെ കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ ഒളിവിലായിരുന്നയാളെ പോലീസ് പിടികൂടി

കൊല്ലം : യുവാവിനെ വിളിച്ച് വരുത്തി മുൻവൈരാഗ്യം മൂലം കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ ഒളിവിൽ പോയിരുന്നയാൾ പോലീസ് പിടിയിലായി. കിളികൊല്ലൂർ വലിയ മാടം കളരിതെക്കതിൽ വീട്ടിൽ അശോകൻ മകൻ അപ്പു എന്നു വിളിക്കുന്ന ശ്രീരാഗ് (22) ആണ് പോലീസ് പിടിയിലായത്. ഇയാളടങ്ങിയ സംഘം മുൻപ് പ്രദേശത്തുള്ള ഹാഷിം എന്ന യുവാവുമായി വാക്കേറ്റം ഉണ്ടാവുകയും ഹാഷിമിനെ മർദ്ദിക്കുകയും ചെയ്തിരുന്നു. സംഭവം പറഞ്ഞ് ഒത്ത് തീർപ്പാക്കാം എന്ന് പറഞ്ഞ് ആഗസ്റ്റ് മാസത്തിലെ അവസാനത്തെ ദിവസം ഇവർ ഹാഷിമിനേയും കൂട്ടുകാരെയും കുറ്റച്ചിറ ആമക്കോട് എന്ന സ്ഥലത്തേക്ക് വിളിച്ച് വരുത്തി. തുടർന്ന് കൈയ്യിൽ കരുതിയിരുന്ന കത്താൾ ഉപയോഗിച്ച് ഹാഷിമിനേയും സുഹൃത്തുക്കളായ അൻഷാദ്, മാഹീൻ എന്നിവരേയും വെട്ടി കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. തുടയ്ക്കും വയറ്റിനും, കൈക്കും മാരകയമായി പരിക്കേറ്റ ഹാഷിമിനേയും സുഹൃത്തുക്കളേയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളിൽ മൂന്ന് പേരെ കഴിഞ്ഞ 20 ന് പത്തനംതിട്ട പെരുംപെട്ടി, കോട്ടയം അയർകുന്നം എന്നിവിടങ്ങളിൽ നിന്നും ഒരാളെ ഈ മാസം 2 ന് മയ്യനാട് ധവളക്കുഴിയിൽ നിന്നും അറസ്റ്റ് ചെയ്ത് റിമാന്റിൽ പാർപ്പിച്ചിരിക്കുകയാണ്. സംഭവത്തിന് ശേഷം ഒളിവിൽ പോയ ഇയാൾ


ശ്രീരാഗ് @ അപ്പു

കുണ്ടറ കുഴിയം എന്ന സ്ഥലത്ത് രഹസ്യമായി താമസിക്കുന്നതായി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് പിടികൂടുകയായിരുന്നു. കിളികൊല്ലൂർ ഇൻസ്പെക്ടർ വിനോദ്.കെയുടെ നേതൃത്വത്തിൽ എസ്സ്.ഐ മാരായ അനീഷ്.എ.സി, ശ്രീനാഥ്.വി.എസ്, ജയൻ കെ സക്കറിയ, സന്തോഷ് വി, അൻസർഖാൻ.എസ് എ.എസ്.ഐ ജിജു.കെ സി.പി.ഒ അനീഷ്, ഷാജി എന്നിവരടങ്ങിയ സംഘമാണ് പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച യുവാവ് പോക്സോ പ്രകാരം അറസ്റ്റിൽ

കൊല്ലം : പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച യുവാവ് പോലീസ് പിടിയിലായി. കൊല്ലം വെസ്റ്റ് വില്ലേജിൽപുന്നത്തല ചേരിയിൽ സർപ്പക്കുഴിക്ക് സമീപം സൺഡേ കോളനിയിൽ



റ്റി.സി.ആർ.എ 33 വില്ലിമംഗലം വീട്ടിൽ രമേശൻ മകൻ വാവ എന്നു വിളിക്കുന്ന രോഹിൻ ആർ(22)ആണ് പോലീസ് പിടിയിലായത്. പതിനേഴ്കാരിയായ പെൺകുട്ടിയുമായി ഉള്ള പരിചയം മുതലെടുത്ത പ്രതി പെൺകുട്ടിയുമായി സ്നേഹ ബന്ധത്തിലേർപ്പെടുകയായിരുന്നു. തുടർന്ന് വിവാഹം കഴിക്കാം എന്ന് വിശ്വസിപ്പിച്ച് പെൺകുട്ടിയെ പലതവണ ലൈംഗീകമായി പീഡിപ്പിക്കുകയായിരുന്നു. പ്രതിയുടെ വീട്ടിൽ വച്ചാണ് പലതവണ പീഢനം നടത്തിയത്. പെൺകുട്ടി വീട്ടിൽ അസ്വാഭാവികമായി

Dated : 18/10/2021

പെരുമാറിയതിനെ തുടർന്ന് വിവരം പോലീസിൽ അറിയിക്കുകയും പോലീസ് പെൺകുട്ടിയെ ഷെൽറ്റർ ഹോമിലേക്ക് മാറ്റുകയും ചെയ്തു. കൗൺസിലറുടെ സഹായത്തോടെ നടത്തിയ അന്വേഷണത്തിലും തുടർന്ന് നടത്തിയ വൈദ്യപരിശോധനയിലും പെൺകുട്ടി ലൈംഗീക അതിക്രമത്തിന് ഇരയായതായി തെളിഞ്ഞു. തുടർന്ന് പ്രതിയെ തിരുമുല്ലവാരത്തു നിന്നും പോലീസ് പിടികൂടുകയായിരുന്നു. കൊല്ലം അസിസ്റ്റൻ കമ്മീഷണർ ജി.ഡി വിജയകുമാറിന്റെ നേതൃത്വത്തിൽ കൊല്ലം വെസ്റ്റ് ഇൻസ്പെക്ടർ ഷെഫീക്. ബി, എസ്സ്.ഐ ആശ.ഐ.വി, എസ്.സി.പി.ഓ മാരായ ബിനു, മിനി, ബിന്ദു എന്നവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടികൊണ്ട് പോയി മാനഹാനി വരുത്തിയ യുവാവ് അറസ്റ്റിൽ



കൊല്ലം : പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടികൊണ്ട് പോയി മാനഹാനി വരുത്തിയ യുവാവ് പോലീസ് പിടിയിലായി. ആലപ്പുഴ മാവേലിക്കര തഴക്കര കണ്ണോത്ത്മുടി എന്ന സ്ഥലത്ത് അതുല്യാ ഭവനിൽ സുഗതൻ മകൻ അഭിജിത്ത് (23) ആണ് പോലീസ് പിടിയിലായത്. പഴവർക്ഷ വിൽപ്പനക്കാരനായ ഇയാൾ സാമൂഹ്യ മാധ്യമത്തിലൂടെ കൊല്ലം സ്വദേശിനിയായ പതിനേഴുകാരിയുമായി പരിചയത്തിലായി. കഴിഞ്ഞ ആഗസ്റ്റ് പതിനെട്ടിന് വെളുപ്പിന് ഇയാൾ പെൺകുട്ടിയെ മൊബൈൽ ഫോണിലൂടെ വീട്ടിൽ നിന്നും വിളിച്ചിറക്കി ചിന്നക്കടയിലെത്തിച്ചു. പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന വനിത പോലീസ് സംഘത്തെ കണ്ട് ഇയാൾ സ്ഥലത്ത് പെൺകുട്ടിയെ ഉപേക്ഷിച്ച് രക്ഷപ്പെട്ടു. പോലീസ് സംഘം അസമയത്ത് നഗരത്തിൽ തനിച്ച് നിൽക്കുന്ന പെൺകുട്ടിയോട് വിവരങ്ങൾ ചോദിച്ചതിലാണ് യുവാവ് പെൺകുട്ടിയെ കടത്തി കൊണ്ട് പോകാൻ ശ്രമിച്ചതാണെന്നും പോലീസിനെ കണ്ട് അയാൾ രക്ഷപ്പെട്ടതാണെന്നുമുള്ള വിവരം അറിഞ്ഞത്. പോലീസ് സംഘം പെൺകുട്ടിയെ കൂട്ടി കൊണ്ട്പോയി രക്ഷകർത്താക്കളെ വിളിച്ച് വരുത്തി പെൺകുട്ടിയെ അവർക്കൊപ്പം വിട്ടയച്ചു. തുടർന്ന് പെൺകുട്ടിയുടെ പരാതിയിൽ എടുത്ത കേസിലാണ് അറസ്റ്റ് ഉണ്ടായത്. പോലീസ് സംഘത്തെ കണ്ട് പെൺകുട്ടിയെ ഉപേക്ഷിച്ച് രക്ഷപ്പെട്ട പ്രതിയെ കണ്ടെത്തുന്നതിന് വേണ്ടി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസിന്റെ നിർദ്ദേശ പ്രകാരം കൊല്ലം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ജി.ഡി.വിജയകുമാറിന്റെ നേതൃത്വത്തിൽ വനിത പോലീസ് സ്റ്റേഷനിലെ എസ്സ്.ഐമാരായ പുഷ്പലത.സി, ജിജിമാത്യൂ, എസ്സ്. സി.പി.ഓമാരായ അനിതകുമാരി.ഐ, രാമാഭായി, എ.എസ്.ഐ ബൈജൂ ജെറോം, സി.പി.ഒ സൈജൂ എന്നവരടങ്ങിയ സംഘമാണ് പ്രതിയെ കളമശ്ശേരി എച്ച്.എം.റ്റി കോളനിയിൽ നിന്നും പിടികൂടിയത്.